(സി) ഭരണത്തിലെ ഉന്നതതലങ്ങളിൽപ്പെട്ടവർ ആരോപിതരായ ഈ കേസിൽ ബാറുടമകൾ ആരെക്കിലും സമ്മർദ്ദങ്ങൾക്കിടയായിട്ടുള്ളതായി അറിയാമോ ;

(ഡി) അഴിമതി പണം കൈപറ്റിയവർ അതിന് രസീതോ തെളിവോ നൽകുകയില്ലെന്ന കാര്യം അന്വേഷണസംഘം പരിഗണിച്ചിട്ടുണ്ടോ ;

(ഇ) ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലും, സാക്ഷി മൊഴി നൽകാൻ തയ്യാറായവരെ സമ്മർദ്ദക്കാരിൽ നിന്ന് വിമുക്തമാക്കിയും സത്യസന്ധവും വസ്തുതാപരവുമായ അന്വേഷണം ഉറപ്പാക്കിയും കോഴ വാങ്ങിയവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്വേഷണാവസ്ഥയിൽ ഇരിക്കുന്ന കേസ്സിൽ എന്തെല്ലാം തെളിവുകൾ ലഭിച്ചിട്ടുണ്ട് എന്ന കാര്യം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) മുപ്പതോളം പേരെ ചോദ്യം ചെയ്തു. കേസ്സിന്റെ അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേസ്സുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരിശോധിച്ചുവരുന്നു.

(ഇ) വസ്തുനിഷ്ഠവും സത്യസന്ധവുമായ അന്വേഷണമാണ് നടന്നുവരുന്നത്.

**ബാർകോഴ കേസ് അന്വേഷണം**

241 (247) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർക്കോഴയുമായി ബന്ധപ്പെട്ട് 31-12-2014-ൽ നടന്ന ബാർ അസോസിയേഷൻ യോഗത്തിൽ പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടായത് വിജിലൻസ് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യോഗത്തിൽ നടന്ന ചർച്ചകളുടെ ശബ്ദരേഖ വിജിലൻസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ;

(സി) ശ്രീ മാണി കോഴ വാങ്ങിയതായുള്ള ആരോപണങ്ങളെ ബലപ്പെടുത്തുന്ന ഒട്ടേറെ തെളിവുകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ബാർ അസോസിയേഷൻ യോഗത്തിന്റെ ശബ്ദരേഖ കൈവശപ്പെടുത്തിക്കൊണ്ട്, അന്വേഷണം നടത്തി പുതുതായി ആരെയെല്ലാം കേസിൽ പ്രതികളാക്കുകയുണ്ടായിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള വെളിപ്പെടുത്തലുകൾ വിജിലൻസ് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചർച്ചകളുടെ ശബ്ദരേഖ എഡിറ്റ് ചെയ്ത ഒരു സി.ഡി. കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

(സി) അന്വേഷണം പുരോഗമിക്കുകയാണ്. ഈ ഘട്ടത്തിൽ കേസ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഡി) ശബ്ദരേഖയുടെ എഡിറ്റ് ചെയ്ത പകർപ്പ് മാത്രമേ കിട്ടിയിട്ടുള്ളൂ. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കേസ് രജിസ്റ്റർ ചെയ്തശേഷം പുതുതായി ആരെയും പ്രതിയാക്കിയിട്ടില്ല.

## ബാർകോഴ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധന

242 (248) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധന റിപ്പോർട്ടിന്റെ ഒരു പകർപ്പും ശേഖരിച്ച തെളിവുകളുടെയും, രേഖകളുടെയും പകർപ്പുകളും ലഭ്യമാക്കാമോ;

(ബി) ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട തുടർനടപടി വിശദമാക്കാമോ;

(സി) കേരള ഹൈക്കോടതിയിൽ ബാർകോഴ സംബന്ധിച്ച കേസുകളിൽ വിജിലൻസും സർക്കാരും അറിയിച്ച നിലപാടുകൾ വിശദമാക്കാമോ; കോടതിയിൽ നിന്നും എന്തെല്ലാം നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാർ കോഴക്കേസ്സിൽ വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണം നടക്കുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പും മറ്റു ബന്ധപ്പെട്ട രേഖകളുടെ പകർപ്പും ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.

(ബി) ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 6/14/എസ്.ഐ.യു.-1 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly